tnkalvi.online

No. of Printed Pages : **6**

6103

Register Number

Language — Part I — MALAYALAM

Time Allowed : 3.00 Hours] [Maximum Marks : 100

കുറിപ്പ് : (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പം ഉണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുന്നത് കറുപ്പോ നീലയോ നിറത്തിലുള്ള മഷി ഉപയോഗിച്ചായിരിക്കണം.

പാർട്ട് - I
(15 മാർക്ക്)

(i) **എല്ലാ** ചോദ്യത്തിനും ഉത്തരമെഴുതുക. **15x1=15**
Answer **all** questions.

(ii) തന്നിട്ടുള്ളതിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.
Choose and right answer from the options given below.

1. വാസ്തവഭാവം പ്രകടമാക്കുവാൻ മനുഷ്യൻ കൊണ്ടുനടക്കുന്നത് എന്ത് ?
(a) പുഞ്ചിരി (b) കോപം (c) വാക്ക് (d) ഭയം

2. പഴശ്ശികലാപം അമർത്തപ്പെട്ട വർഷം
(a) 1812 (b) 1805 (c) 1815 (d) 1850

3. വാങ്ങി നിൽക്കണമെന്ന് ദ്രോണർ ആവശ്യപ്പെട്ടതാരോടാണ് ?
(a) അർജ്ജുനൻ (b) ധർമ്മജൻ (c) ദുര്യോധനൻ (d) കർണ്ണൻ

4. 'കാടിനു കാവൽ' ആരെഴുതിയ കൃതിയാണ് ?
(a) സുജാതാദേവി (b) ജീവൻ ജോസ് തോമസ്
(c) സുഗതകുമാരി (d) എൻ. എ. നസീർ

5. കൈതവം – അർത്ഥമെഴുതുക.
(a) സത്യം (b) തവം (c) വഞ്ചന (d) നൻമ

6. പ്രതിരോധം – അർത്ഥമെഴുതുക.
(a) ആർജ്ജിക്കുക (b) വർജ്ജിക്കുക (c) എതിർപ്പ് (d) സുരക്ഷ

[Turn over

TN Kalvi Online · tnkalvi.online/question-papers/class-10-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

7. ശുഭം – വിപരീതപദമെഴുതുക
(a) സസുഖം (b) നിർശുഭം (c) അശുഭം (d) സശുഭം

8. വാഴ + ഇല = വാഴയില സന്ധിയെന്ത് ?
(a) ആഗമസന്ധി (b) ആദേശസന്ധി (c) ലോപസന്ധി (d) ദ്വിത്വസന്ധി

9. സമാസം നിർണ്ണയിക്കുക – അനുദിനം
(a) ദ്വന്ദസമാസം (b) അവ്യയീഭാവസമാസം
(c) ബഹുവ്രീഹി സമാസം (d) തൽപുരുഷൻ

10. പച്ചാത്താപം – തെറ്റുതിരുത്തുക.
(a) പശ്ചാത്താപം (b) പച്ഛാത്താപം
(c) പശ്ചാത്താപം (d) പച്ശാത്താപം

11. വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കു പോകുന്നു. – കാലമേത് ?
(a) വർത്തമാനകാലം (b) ഭൂതകാലം
(c) ഭാവികാലം (d) ഇവയൊന്നുമല്ല

പദ്യഭാഗം വായിച്ച് താഴെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(12, 13, 14, 15)**
Read the poem and answer the following **(12, 13, 14, 15)**

വായയ്ക്കു പണ്ടേ രുചിപോയ കാരണം
കായും കനികളും വേവിച്ചു തിന്നുവോർ
കാറ്റിനെ, കാലഭേദങ്ങളെ, പേടിച്ചു
വീടിന്റെ കൂട്ടിലഭയം തിരയുവോർ

12. ആരുടെ വാക്കുകളാണിവ ?
(a) കുട്ടിക്കുരങ്ങ് (b) തള്ളക്കുരങ്ങ് (c) മനുഷ്യർ (d) കവി

13. വീടിന്റെ കൂട്ടിലഭയം തേടുന്നതാര് ?
(a) കുരങ്ങ് (b) മാർജാരൻ (c) മനുഷ്യൻ (d) കുമാരൻ

14. ഏതു കവിതയിലെ വരികളാണിവ ?
(a) പാഠശാല (b) കുരങ്ങു പറഞ്ഞത്
(c) ഭൂമി (d) ശിഷ്യനും മകനും

15. ആരാണ് ഈ കവിത എഴുതിയത് ?
(a) കുമാരനാശാൻ (b) അക്കിത്തം
(c) മേലൂർ ദാമോദരൻ (d) സുഗതകുമാരി

TN Kalvi Online · tnkalvi.online/question-papers/class-10-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

പാർട്ട് - II
(18 മാർക്ക്)
ഭാഗം - 1

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (ഏതെങ്കിലും നാലെണ്ണം) **4x2=8**
Answer in **two** or **three** sentences **(any four)**.

16. ധർമ്മജൻ ഗുരുവിനോട് പറഞ്ഞതെന്ത് ?

17. എന്തു പറഞ്ഞാണ് അമ്മ ഉണ്ണിയോട് കയർത്തത് ?

18. മരക്കൊമ്പത്തിരുന്ന് കുട്ടിക്കുരങ്ങ് അമ്മയോട് ചോദിച്ചതെന്ത് ?

19. എന്താണ് ഉത്തമമായ വായന ?

20. കൃഷിക്കായി വിത്ത് ഒരുക്കിയത് എങ്ങനെ ?

21. മിശ്ര സംസ്കാരം പേറുന്ന ഗ്രാമത്തെക്കുറിച്ച് ലേഖകൻ പറയുന്നതെന്ത് ?

ഭാഗം - 2

ഏതെങ്കിലും അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക. **5x2=10**
Answer **any five** questions.

22. മധുരമായി പാടി. സമ്മാനം നേടി. (ഒറ്റവാക്യമാക്കുക)

23. കാളിദാസൻ ശാകുന്തളം രചിച്ചു. (പ്രയോഗം മാറ്റുക)

24. ഇന്ത്യയുടെ എന്ന പദം ഏതു വിഭക്തിയിൽപ്പെടുന്നു ?

25. വെള്ളികൊണ്ടുള്ള കൊലുസ്, ചുവന്ന താമര ഒറ്റപ്പദമാക്കുക.

26. വരൻ, നമ്പൂതിരി (എതിർലിംഗമെഴുതുക)

27. താൻ എങ്ങോട്ടാണ് പോകുന്നത് (ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക)

28. ഞങ്ങൾ ഇടയ്ക്കിടെ വല്ലപ്പോഴും പാദയാത്ര പോകാറുണ്ട് (തെറ്റു തിരുത്തുക)

[Turn over

TN Kalvi Online · tnkalvi.online/question-papers/class-10-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

പാർട്ട് - III

(18 മാർക്ക്)

ഭാഗം - 1

ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. **2x3=6**

Answer **any two** questions.

29. ഭൂമി സർഗ്ഗലയങ്ങളിൽ പുളകം കൊള്ളുന്നതോടൊപ്പം സംഭവിക്കുന്നതെന്തെല്ലാം ?

30. തള്ളക്കുരങ്ങ് കുട്ടിക്കുരങ്ങിന് നൽകിയ വിജ്ഞാന വിസ്മയമെന്ത് ?

31. പാർവ്വതി എന്തൊക്കെയാണ് ശിവനോട് പറഞ്ഞത് ?

ഭാഗം - 2

ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. (**34**-ാ മത്തെ ചോദ്യത്തിന് നിർബന്ധമായും ഉത്തരം എഴുതേണ്ടതാണ്.) **2x3=6**

Answer **any two** questions. (Question No. **34** is **compulsory**)

32. വായനയുടെ ലോകത്താണ് യഥാർത്ഥ ഭക്ഷ്യവിഷബാധ നടമാടുന്നത്. വിശദീകരിക്കുക.

33. കുട്ടികളുടെ മനസ്സിൽ സന്തോഷം നിറയ്ക്കുന്ന കാഴ്ച എന്തായിരുന്നു ?

34. (a) പഴശ്ശികലാപത്തിനു ശേഷം വയനാട്ടിൽ വന്ന മാറ്റങ്ങളെന്തെല്ലാം ?

അല്ലെങ്കിൽ

(b) എല്ലാമെല്ലാം ചേർന്നതാണ് കാട്, എന്തൊക്കെയാണവ ?

ഭാഗം - 3

ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. **2x3=6**

Answer **any two** questions.

35. രൂപകത്തിന്റെ ലക്ഷണമെഴുതി ഉദാഹരണസഹിതം വിവരിക്കുക.

36. കേകയുടെ ലക്ഷണമെഴുതി ഉദാഹരണസഹിതം വിവരിക്കുക.

37. സകർമ്മകം - അകർമ്മകം വിവരിക്കുക.

TN Kalvi Online · tnkalvi.online/question-papers/class-10-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

പാർട്ട് - IV

(25 മാർക്ക്)

എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. **5x5=25**

Answer **all** the questions.

38. (a) നിങ്ങളുടെ വിദ്യാലയത്തിൽ നടന്ന തിരുക്കുറൾ മത്സരത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക.

അല്ലെങ്കിൽ

(b) നിങ്ങൾ സന്ദർശിച്ച ഒരു ചരിത്ര പ്രാധാന്യമുള്ള സ്ഥലത്തെക്കുറിച്ച് കൂട്ടുകാരന് കത്തെഴുതുക.

39. ആശയം വിപുലീകരിച്ച് എഴുതുക.

(a) പരോപകാരമേ പുണ്യം

അല്ലെങ്കിൽ

(b) വിദ്യാധനം സർവ്വധനാൽ പ്രധാനം

40. നിങ്ങളുടെ ഗ്രാമത്തിലെ പൊളിഞ്ഞ റോഡുകൾ ശരിയാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡന്റിന് ഒരു നിവേദനം തയ്യാറാക്കുക.

41. 'ഗൃഹാലങ്കാരം' എന്ന കവിതയിലെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

42. പദ്യഭാഗം പൂരിപ്പിക്കുക.

Quote from memory.

(a) എങ്കിൽ നീ .....

.....കാണാമെന്നാൽ

അല്ലെങ്കിൽ

(b) കാണെക്കാണെ .....

..... പാഴ്ച്ചുവടൂന്നി.

[Turn over

TN Kalvi Online · tnkalvi.online/question-papers/class-10-malayalam-public-may-2022 · Source: DGE TN
Share your study materials with us: tnkalvi.online/share

tnkalvi.online

പാർട്ട് - V
(24 മാർക്ക്)

എല്ലാ ചോദ്യത്തിനും ഉത്തരമെഴുതുക. **3x8=24**

Answer **all** the questions.

43. (a) എഞ്ചുവടിയും മനക്കണക്കും എന്ന ലേഖനത്തിൽ നിന്നും ലഭിക്കുന്ന ജീവിതപാഠങ്ങൾ എന്തൊക്കെയാണ് എന്ന് വിവരിക്കുക.

അല്ലെങ്കിൽ

(b) മാനയിൽ ലേഖകൻ കണ്ട കാഴ്ചകൾ ചുരുക്കിയെഴുതുക.

44. (a) ഉമ്മിണി വല്യ ഒന്ന് – എന്ന കഥയുടെ ഇതിവൃത്തം എഴുതുക.

അല്ലെങ്കിൽ

(b) 'ഇരട്ടകൾ' – എന്ന കഥയുടെ ഇതിവൃത്തം എഴുതുക.

45. (a) കോവിഡ് - 19 – ഉപന്യാസമെഴുതുക.

അല്ലെങ്കിൽ

(b) പ്ലാസ്റ്റിക് മാലിന്യം - സാമൂഹിക വിപത്ത് – ഉപന്യാസമെഴുതുക.

- o O o -

tnkalvi.online